compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ജൂലൈ 29
Tuesday, 29th July 2025

1200 കർക്കടകം 13
13th Karkadakam 1200

1947 ശ്രാവണം 7
7th Sravana 1947

വാല്യം 14
Vol. XIV

നമ്പർ **30**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ JRMPM/437/2025-HMC1. 2025 ജൂലൈ 17.

വിഷയം :—സഹകരണ വകുപ്പ്—ചെറുകാവ് സഹകരണ ഹോസ്പിറ്റൽ സംഘം ക്ലിപ്തം നമ്പർ എം. 709—സംഘം പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേരിയുടെ 26-4-2017-ലെ 789/17/O2 നമ്പർ ഉത്തരവ്.

(2) പരിശോധന ഉദ്യോഗസ്ഥൻ സമർപ്പിച്ച 26-6-2017 തീയതിയിലെ പരിശോധന റിപ്പോർട്ടും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മഞ്ചേരിയുടെ 26-6-2017-ലെ 789/17/എ നമ്പർ കത്തും.

(3) ഈ കാര്യാലയത്തിലെ 12-3-2025 തീയതിയിലെ JRMPM/437/2025-HMC1 നമ്പർ നോട്ടീസ്.

ജില്ലയിലെ പ്രവർത്തനരഹിതമായ സംഘങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യമല്ലാത്തവയെ സമാപ്തീകരിക്കുവാനുള്ള ജോയിന്റ് രജിസ്ട്രാറുടെ 6-1-2023 തീയതിയിലെ അവലോകന യോഗത്തിലെ നിർദ്ദേശ പ്രകാരം ചെറുകാവ് സഹകരണ ഹോസ്പിറ്റൽ സംഘം ക്ലിപ്തം നമ്പർ എം. 709-ന്റെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവായ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധന പൂർത്തിയാക്കി പരാമർശം (2) പ്രകാരം പരിശോധന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

ചെറുകാവ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ക്ലിപ്തം നമ്പർ എം. 709 സംഘത്തിൽ രോഗികൾക്ക് ചികിത്സ നൽകുകയും കിടത്തി ചികിത്സ നൽകുകയും ആയതിന് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിരുന്നു. കൂടാതെ കുറഞ്ഞ നിരക്കിൽ മരുന്നുകളും നൽകുകയും ആവശ്യമായ നേഴ്സുമാരുടെ സേവനവും ലഭ്യമാക്കിയിരുന്നു. എന്നാൽ സംഘത്തിൽ സ്ഥിരമായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ സാമ്പത്തിക ബുദ്ധിമുട്ട് കാരണം പലപ്പോഴും സാധിക്കാതിരിക്കുകയും ഓരോ വിഭാഗത്തിലുള്ള സ്പെഷ്യലൈസ്ഡ് ഡോക്ടർമാരെ കൊണ്ടുവരാൻ സംഘത്തിന് കഴിയാതെയും വന്നു. അതുകൊണ്ടുതന്നെ രോഗികളെ കൂടുതൽ ആകർഷിക്കുന്നതിനും മെച്ചപ്പെട്ട സേവനം നൽകുന്നതിനും കഴിയാതെ വരികയും സംഘത്തിന്റെ പ്രവർത്തനം നഷ്ടത്തിലാവുകയും സംഘത്തിലെ ദൈനംദിന ചിലവുകൾക്കുപോലും വരുമാനമില്ലാത്ത അവസ്ഥ വരികയും ചെയ്തു. സംഘത്തിലെ ഭരണസമിതിയുടെ കാലാവധി 30-1-2016 തീയതി അവസാനിക്കുകയും തുടർന്ന് 27-1-2017 തീയതി മുതൽ കൊണ്ടോട്ടി യൂണിറ്റ് ഇൻസ്പെക്ടർ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായി ചുമതലയേൽക്കുകയും ചെയ്തു. സംഘം പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിൽ മെമ്പർമാർക്ക് താല്പര്യമില്ലാത്തതിനാൽ ഭരണസമിതി രൂപീകരിച്ച് സംഘം പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കില്ല. കൂടാതെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ അഭിപ്രായവും കൂടി കണക്കിലെടുത്ത് സംഘം സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ കൃത്യമായ റിക്കാർഡുകൾ ലഭ്യമല്ലാത്തതിനാലും പ്രവർത്തന സാധ്യത ഇല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് (71) പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (3) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ, അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ചെറുകാവ് സഹകരണ ഹോസ്പിറ്റൽ സംഘം ക്ലിപ്തം നമ്പർ എം. 709-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് കൊണ്ടും, വകുപ്പ് 72(1) പ്രകാരം കൊണ്ടോട്ടി അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ കൊണ്ടോട്ടി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും, സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും, ചട്ടം 69 (3) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ: രാമകൃഷ്ണൻ, വി.)

നമ്പർ 230/2023/എ.ഇ.എൽ./കെ ഡിസ്. 2025 ജൂലൈ 6.

വിഷയം :—സഹകരണ വകുപ്പ്—സൂപ്പർ സ്പെഷ്യാലിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1681 പ്രവർത്തന രഹിതം—കേരള സഹകരണ നിയമം 71 (1) സംഘം പ്രവർത്തനം സമാപ്തീകരിച്ചും 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തളിപ്പറമ്പിന്റെ 31-12-2022 തീയതിയിലെ 579 (129)/2022 നമ്പർ കത്തും, ആകസ്മിക പരിശോധന റിപ്പോർട്ടും.

സൂപ്പർ സ്പെഷ്യാലിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1681 പ്രവർത്തനം സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തളിപ്പറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ആലക്കോട് യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത അന്വേഷണ റിപ്പോർട്ട് മേൽസൂചന പ്രകാരം ഈ ഓഫീസിൽ സമർപ്പിച്ചിരുന്നു. റിപ്പോർട്ടിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ കണ്ണൂരിന്റെ 2-3-2011-ാം തീയതിയിലെ 1390/09/AEL നമ്പർ ഉത്തരവ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചതിനുശേഷം സംഘം അംഗങ്ങളുടെ അപേക്ഷയിൽ പുനരുജ്ജീവിപ്പിച്ചിരുന്നതായും, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചുമതലയേറ്റിരുന്നെങ്കിലും സംഘം പ്രവർത്തനം പുനരാരംഭിക്കുന്നതിനു യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രജിസ്റ്റർ ചെയ്തിട്ടും നാളിതുവരെ യാതൊരു പ്രവർത്തനവും നടത്താത്ത സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 22-3-2023 തീയതിയിൽ ചുമതലയേറ്റിരുന്നെങ്കിലും പുനരുജ്ജീവിപ്പിക്കുന്നതിനു നടപടികൾ സ്വീകരിക്കുകയോ, തെരഞ്ഞെടുപ്പ് നടത്തി ഭരണ സമിതി ചുമതലയേറ്റെടുക്കുകയോ ചെയ്തിട്ടില്ല. നിലവിൽ സംഘം പ്രവർത്തന രഹിതമാണെന്നും, സംഘത്തിൽ ഭരണ സ്തംഭനമാണ് നിലവിലുള്ളതെന്നും സംഘം പ്രവർത്തിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന റിപ്പോർട്ട് പരിശോധിച്ചതിൽ സംഘം, പ്രവർത്തന രഹിതമാണെന്നും പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയും ഇല്ലെന്നും സംഘം പ്രവർത്തനം സമാപ്തീകരിക്കാവുന്നതാണെന്നും ബോധ്യപ്പെട്ടതിനാൽ സംഘം പ്രവർത്തനം കേരള സഹകരണ നിയമം 71 (1) വകുപ്പ് പ്രകാരം സമാപ്തീകരിച്ചും, സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് 72-ാം വകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ചും താഴെ ചേർത്ത പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

സൂപ്പർ സ്പെഷ്യാലിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1681 പ്രവർത്തന രഹിതമായതിനാൽ കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് സംഘം പ്രവർത്തനം സമാപ്തീകരിച്ചും, 72-ാം വകുപ്പ് പ്രകാരം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് തളിപ്പറമ്പ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ആലക്കോട് യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ ചുമതല ഏറ്റെടുക്കേണ്ടതും ടി വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കണ്ണൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: ശ്രീ. രാമകൃഷ്ണൻ, വി.)

നമ്പർ 338/2023/എ.ഇ.എൽ./കെഡിസ്. 2025 ജൂലൈ 14.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—കണ്ണൂർ ദൃശ്യ കലാ സാഹിത്യ വിദ്യാഭ്യാസ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1760—നടപടികൾ പൂർത്തിയാക്കൽ—കേരള സഹകരണ നിയമം 74-ാം വകുപ്പ്—രജിസ്ട്രേഷൻ റദ്ദ് ചെയ്യൽ—ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കണ്ണൂരിന്റെ 10-2-2023-തീയതിയിലെ 338/2023/എ.ഇ.എൽ./കെഡിസ് നമ്പർ ഉത്തരവ്.

(2) സംഘം ലിക്വിഡേറ്ററുടെ 25-6-2025 തീയതിയിലെ 157/2023/P നമ്പർ ഉത്തരവ്.

കണ്ണൂർ ദൃശ്യ കലാ സാഹിത്യ വിദ്യാഭ്യാസ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1760 പ്രവർത്തനരഹിതമായതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിച്ചും കേരള സഹകരണ നിയമം 71(1)(ബി) പ്രകാരം പയ്യന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കാര്യാലയത്തിലെ പയ്യന്നൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്റർ ആയി നിയമിക്കുകയും, ലിക്വിഡേറ്റർ സ്വമേധയാ ചുമതലയേൽക്കുകയും സമാപ്തീകരണ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു.

മേൽ സൂചന (2) നടപടിക്രമം വഴി സംഘത്തിന്റെ സമാപ്തീകരണ നടപടികൾ കേരള സഹകരണ നിയമം വകുപ്പ് 73 പ്രകാരം പൂർത്തിയായതായും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്യാവുന്നതാണെന്നും ലിക്വിഡേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്.

സംഘത്തിന്റെ ലിക്വിഡേഷൻ കാലയളവിലെ കണക്കുകൾ ഈ ഓഫീസിലെ എ. ഇ. എൽ. ഓഡിറ്റർ പരിശോധിച്ചിട്ടുണ്ട്. സംഘത്തിൽ നിലവിൽ ആസ്തി ബാധ്യതകൾ ഒന്നും നിലനിൽക്കുന്നില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് കണ്ണൂർ ദൃശ്യ കലാ സാഹിത്യ വിദ്യാഭ്യാസ സഹകരണ സംഘം ക്ലിപ്തം നമ്പർ സി 1760-ന്റെ രജിസ്ട്രേഷൻ റദ്ദു ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

സംഘത്തിന്റെ എല്ലാ രേഖകളും, റെക്കോർഡുകളും കേരള സഹകരണ നിയമം ചട്ടം 70-ലെ വ്യവസ്ഥകൾക്ക് വിധേയമായി 3 വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ടി സമയ പരിധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം, കണ്ണൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

PROCEEDINGS

OF THE LIQUIDATOR KANNUR DRISYAKALA SAHITYA VIDYABHYASA SAHAKARANA SANGAM LTD. NO. C. 1760

(*Present* **:** RAJEEVAN, K., Unit Inspector, Payyannur**)**

No. 157/2023/P. *25th June 2025.*

Sub:—Liquidation—Kannur Drisyakala Sahitya Vidyabhyasa Sahakarana Sangam Ltd. No. C. 1760—Final winding up proceeding submitted—regarding.

Ref:— (1) Proceedings No. 338/2023/AEL dated 10-2-2023 of the Joint Registrar (General), Kannur.

(2) Proceedings No. 338/2023/AEL dated 19-5-2025 of the Joint Registrar (General), Kannur.

As per proceedings 1st cited, the affairs of the Kannur Drisyakala Sahitya Vidyabhyasa Sahakarana Sangam Ltd No. C1760 has been ordered to be wound up and the Unit Inspector, Payyanur has been appointed as the Official Liquidator. The Liquidator took charge of the assets and records of the society as on 17-4-2023.

The Balance Sheet of the Society as on the date of taking charge of the Liquidator was as follows.

Balance sheet as on 17-4-2023

Liabilities	*Amount* ₹	*Assets*	*Amount* ₹
Share Capital	50000.00	Adj. Heads due to Society	51250.00
		Net Loss	19436.00
Adj. Heads due by Society	186.00		
Establishment & contingencies	20500.00		
Total	70686.00		70686.00

Statutory notice inviting claims against the society was published and no claim received.

The liquidator has collected all the realizable assets and made payments of dischargeable liabilities. The receipts and payments pertaining to the liquidator are as follows.

Cash book of the Liquidator

Receipt	*Amount* ₹	*Payment*	*Amount* ₹
Withdrawal From Kerala Bank	51356.00	Deposit in SB a/c of the Liquidator	51356.00
Receipt From Adj. Head Due to	51250.00	Bank charges	154.00
Interest Received	106.00	Liquidation charge	7700.00
		Common liquidation Fund	43502.00
Total	102712.00	Total	102712.00

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

The Final General Body meeting was convened on 9-6-2025 at the Payyanur Co-operative Rural Bank Auditorium. But nobody was present for the general body meeting.

The liquidator requested the Joint Registrar of Co-operative Societies (General), Kannur for the permission to write off the unrealizable assets and forfeit the undischargeable liabilities. Permission was obtained from the Joint Registrar (General), Kannur to forfeit the following liabilities and write off the assets shown below vide order No. 338/2023/AEL dated 19-5-2025.

Liabilities Forfeited	*Amount* ₹	*Assets Written off*	*Amount* ₹
Share Capital	50000.00	Net Loss	19436.00
Contngencies	20500.00		
Adj. Heads due by Society	186.00		
Total	70686.00		19436.00

The Liquidation charges have been remitted as per rules. The liquidation accounts have been audited by the AEL Auditor, Office of the Joint Registrar of Co-operative Societies (General), Kannur. Under the above circumstances, the following order is issued.

ORDER

The affairs of the Kannur Drisyakala Sahitya Vidyabhyasa Sahakarana Sangam Ltd. No. C1760 is hereby finally wound up under section 73 of the Kerala Co-operative Societies Act of 1969 and the registration certificate of the society is recommended for the cancellation under section 74 of the said Act.

(Sd.)
Liquidator,
Kannur Drisyakala Sahitya Vidyabhyasa Sahakarana Sangam Ltd. No. C1760/ Unit Inspector, Payyannur.

Office of the Assistant Registrar
of Co-operative Societies (General) Payyanur.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.07.29 01:35:44 +05:30